**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 427** **08-10-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന നടപ്പിലാക്കുന്ന ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ നവീകരണത്തിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ആദ്യ ഘട്ടമായി ഭൂമിയേറ്റെടുക്കലിന് 20/10/2023-ലെ PWD023-06/AE-1/2023/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 98,30,500 രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. തുടർന്ന് ഭൂമിയേറ്റെടുക്കൽ നടപടിക്രമങ്ങളുടെ ഭാഗമായി 6(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും, അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കല്ലുകൾ സ്ഥാപിക്കേണ്ട സ്ഥലത്ത് മാർക്കിംഗ് ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ; | (ബി) | പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ആദ്യ ഘട്ടമായി നിർവ്വഹണ ഏജൻസിയായ KRFB ഭൂമിയേറ്റെടുക്കലിന് 98,30,500 രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. തുടർന്ന് ഭൂമി ഏറ്റെടുക്കലിനുള്ള പരിഷ്കരിച്ച എസ്റ്റിമേറ്റും ഉൾപ്പെടെ 60.749 കോടി രൂപയുടെ എസ്റ്റിമേറ്റ് സഹിതം നിർവ്വഹണ ഏജൻസി സമർപ്പിച്ച ഡി.പി.ആർ നിലവിൽ കിഫ്ബി അവലോകനം ചെയ്ത് വരികയാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി അറിയിക്കാമോ? | (സി) | ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി 6(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ ഇംപ്രൂവ്മെന്റിന് വേണ്ടിയുള്ള അതിർത്തി കല്ലുകൾ സ്ഥാപിക്കേണ്ട സ്ഥലത്ത് മാർക്കിംഗ് ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ